**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1320** **15.6.2012-ൽ മറുപടിക്ക്**

**മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് ശാസ്ത്രീയ സംവിധാനം**

**ചോദ്യം**

ശ്രീ. മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

എ) സംസ്ഥാനത്തെ രൂക്ഷമായ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

ബി) ഇന്ത്യയിലെ മെട്രോ നഗരങ്ങളിൽ ഖരമാലിന്യം സംസ്കരിക്കുന്നതിന് സ്വീകരിക്കുന്ന ആധുനിക ശാസ്ത്രീയ സംവിധാനം സംസ്ഥാനത്ത് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

**ഉത്തരം**

ശ്രീ.മഞ്ഞളാംകുഴി അലി
(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി)

എ) & ബ) നഗരപ്രദേശങ്ങളിലെ മാലിന്യ നിർമ്മാർജ്ജനത്തിന് സമഗ്രമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. നഗരസഭകളിൽ നിലവിലുള്ള ഖരമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ വിപുലീകരിക്കാനും ആവശ്യമായ അനുബന്ധഘടകങ്ങളായ മലിനജല സംസ്ക്കരണ പ്ലാന്റ്, സാനിട്ടറി ലാൻഡ്ഫിൽ, ഗ്രീൻ ബെൽറ്റ്, നിലവിലുള്ള മാലിന്യ സംസ്ക്കരണത്തിന്റെ വിപുലീകരണം തുടങ്ങിവയവയ്ക്ക് ആവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതിന് നഗര സഭകൾക്ക് സാങ്കേതികമായിട്ടുള്ള പരിശീലനം നല്കുകയും സാങ്കേതിക അനുമതി നൽകുകയും അവ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുള്ള 100% സാമ്പത്തിക സഹായം ശുചിത്വ മിഷൻ വഴി ലഭ്യമാക്കാനുള്ള നടപടികൾ സർക്കാർ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. പ്ലാന്റുകളില്ലാത്ത നഗരസഭകളിൽ അവ പുതിയ

തായി സ്ഥാപിക്കാനുള്ള നടപടികളുടെ ഭാഗമായി അവയ്ക്ക് സാങ്കേതിക സഹായവും 100% സാമ്പത്തിക സഹായവും നൽകാനുള്ള നടപടിയും കൈക്കൊണ്ടിട്ടുണ്ട്. കോർപ്പറേഷനുകളിൽ മലിനീകരണവും ദുർഗന്ധവും പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാക്കാത്തതരത്തിലുള്ള നവീന സാങ്കേതിക വിദ്യകൾ കണ്ടെത്താനും മോഡൽ പ്ലാന്റ് തിരുവനന്തപുരം നഗരസഭയിൽ സ്ഥാപിക്കാനും നടപടി പൂർത്തിയായിട്ടുണ്ട്. കൊച്ചിയിലും കോഴിക്കോടും മോഡേൺ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടി എടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ